"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- ചേർത്തല നഗരസഭയിലെ ശ്രീമതി വിജയലക്ഷ്മി, പൂതക്കുളത്തുവെളി, സി.എം.സി.19 ന് ഭവന നിർമ്മാണ ധനസഹായമായി അനുവദിച്ച തുകയുടെ പലിശ ഇളവു ചെയ്ത് നൽകുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.242/2026/LSGD തീയതി,തിരുവനന്തപുരം, 30-01-2026

---

പരാമർശം:-
1. ചേർത്തല നഗരസഭ കൗൺസിലിന്റെ 29.11.2024 ലെ 11 /1-ാം നമ്പർ തീരുമാനം
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 23.05.2025 ലെ LSGD/1094/2025-DPLD1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ശ്രീമതി വിജയലക്ഷ്മി, പൂതക്കുളത്തുവെളി, സി.എം.സി. 19 ന് ജനകീയാസൂത്രണം 2014-15 പദ്ധതി പ്രകാരം ലഭ്യമായ ഭവനനിർമ്മാണ ധനസഹായം തിരിച്ചടയ്ക്കുന്ന അവസരത്തിൽ പലിശ ഒഴിവാക്കി നൽകുന്നതിനായി ടിയാൾ നഗരസഭ സെക്രട്ടറിക്ക് അപേക്ഷ നൽകുകയും നഗരസഭാ കൗൺസിൽ പരാമർശം 1 പ്രകാരം സർക്കാരിലേക്ക് ശുപാർശ ചെയ്യുന്നതിന് തീരുമാനമെടുക്കുകയും ചെയ്തിരുന്നു.

2) ശ്രീമതി വിജയലക്ഷ്മിക്ക് 10 സെന്റ് ഭൂമിയാണുള്ളതെന്നും, അതിൽ ഭർത്താവിന്റെ സഹോദരിയ്ക്കും അപേക്ഷകയുടെ മകൾക്കും ഓഹരി നൽകേണ്ടതാണെന്നും കൂടാതെ ടിയാൾക്ക് വസ്തു ഈടിന്മേൽ ശ്രീകണ്ഠമംഗലം സർവ്വീസ് സഹകരണ ബാങ്കിൽ 1,30,000/- രൂപ ബാദ്ധ്യത ഉള്ളതായി ബാങ്കിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെന്നും അപേക്ഷകയുടെ സാമ്പത്തിക പിന്നാക്കാവസ്ഥ പരിഗണിച്ച് ഭവന നിർമ്മാണത്തിന് ലഭിച്ച തുകയുടെ പലിശ ഒഴിവാക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം 2 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്യുകയുമുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി വിജയലക്ഷ്മി പൂതക്കുളത്തുവെളി,

സി.എം.സി.19 ന് ചേർത്തല നഗരസഭയുടെ 2014-15 ജനകീയാസൂത്രണ പദ്ധതി പ്രകാരം ഭവന നിർമ്മാണ ധനസഹായമായി അനുവദിച്ച തുകയുടെ പലിശ ഇളവു ചെയ്ത് നൽകുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്തിരുവനന്തപുരം
സെക്രട്ടറി, ചേർത്തല നഗരസഭ
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ശ്രീമതി വിജയലക്ഷ്മി, പൂതക്കുളത്തുവെളി, സി.എം.സി.19, ചേർത്തലപി.ഒ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ /ഓഡിറ്റ്) ,കേരള,തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ ,ഐ.&പി.ആർ.ഡി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 02-02-2026 12:30:43
സെക്ഷൻ ഓഫീസർ